എ.വൈ.ആർ

**വിനോദങ്ങളിലും ഭൗതിക സുഖങ്ങളിലും മാത്രം അഭിരമിക്കുന്നവർ ജീവിതത്തിന്റെ ഭൗതികവും ആത്മീയവുമായ യാഥാർഥ്യങ്ങളെക്കുറിച്ച് ചിന്തിക്കാനേ ഇഷ്ടപ്പെടുകയില്ല. അവരെ സംബന്ധിച്ചേടത്തോളം അവ രേർപ്പെട്ടിട്ടുള്ള ഭൗതിക കാര്യങ്ങൾ തന്നെയാണ് ജീവിതത്തിന്റെ അർഥവും യാഥാർഥ്യവും. അതിനപ്പുറമുള്ളതെല്ലാം മിഥ്യയാണ്; അന്ധ വിശ്വാസങ്ങളും അനാചാരങ്ങളുമാണ്.**



فَإِذَا نُفِخَ فِى ٱلصُّورِ فَلَآ أَنسَابَ بَيْنَهُمْ يَوْمَئِذٍ وَلَا يَتَسَآءَلُونَ ﴿١٠١﴾

**101.** പിന്നെ കാഹളം ഊതപ്പെട്ടാൽ അവർക്കിടയിൽ വംശബന്ധങ്ങൾ നിലനിൽക്കുകയില്ല. ആരും ആരെയും അന്വേഷിക്കുകയുമില്ല.

**101**

فَإِذَا نُفِخَ = ഊതപ്പെട്ടാൽ  فِى ٱلصُّورِ = കാഹളത്തിൽ

فَلَآ أَنسَابَ بَيْنَهُمْ = അവർക്കിടയിൽ വംശബന്ധങ്ങൾ (നിലനിൽക്കുക) ഇല്ല  يَوْمَئِذٍ = അന്ന്

وَلَا يَتَسَآءَلُونَ = അവർ പരസ്പരം (ആരും ആരെയും) അന്വേഷിക്കുകയുമില്ല

**ലോ**കാവസാന നാളിൽ മനുഷ്യരുടെ അവസ്ഥ ചിത്രീകരിക്കുകയാണിവിടെ. نُفِخَ فِى ٱلصُّورِ എന്നും يُنفَخُ فِى ٱلصُّورِ എന്നും നേരത്തേ *അൽഅൻആം, അൽകഹ്ഫ്, ത്വാഹാ* എന്നീ സൂറകളിൽ വന്നിട്ടുണ്ട്. *അൻആം* 73-ാം സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* صور ന്റെ അർഥം വിശദീകരിച്ചിരിക്കുന്നു. ലോകാവസാനം അറിയിച്ചുകൊണ്ട് രണ്ട് കൊമ്പുവിളികളുണ്ടാകും. ഒന്നാമത്തെ വിളിയോടെ ഭൂമിയിലുള്ളവരൊക്കെയും മരിച്ചുവീഴുന്നു. രണ്ടാമത്തെ വിളിയോടെ ആദിമുതൽ ലോകാന്ത്യം വരെ ജീവിച്ചു മരിച്ച എല്ലാവരും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നു. ഈ കൊമ്പുവിളിയെയാണ് ഇവിടെ പരാമർശിക്കുന്നത്. ആപത്തിലകപ്പെടുന്ന മനുഷ്യർ സഹായത്തിനായി ആദ്യം വിളിക്കുന്ന സൃഷ്ടികൾ അവരുടെ ഉറ്റവരും ഉടയവരുമായ കുടുംബാംഗങ്ങളെയാണല്ലോ. അയാളെ സഹായിക്കാൻ ആദ്യമെത്തുന്നത് അവരായിരിക്കും. ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നവരിൽ വംശബന്ധങ്ങളൊന്നും നിലനിൽക്കുന്നുണ്ടാവില്ല. അല്ലെങ്കിൽ ഉറ്റവരെയും ഉടയവരെയും സഹായിക്കുന്നതിനെയോ അവരിൽനിന്ന് സഹായം ലഭിക്കുന്നതിനെയോ കുറിച്ചൊന്നും ചിന്തിക്കാനാവാത്ത ഭയവിഹ്വലമായ മാനസികാവസ്ഥയിലായിരിക്കും അവർ.

يَوْمَ يَفِرُّ ٱلْمَرْءُ مِنْ أَخِيهِ ﴿٣٤﴾ وَأُمِّهِۦ وَأَبِيهِ ﴿٣٥﴾ وَصَٰحِبَتِهِۦ وَبَنِيهِ ﴿٣٦﴾ لِكُلِّ ٱمْرِئٍ مِّنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ ﴿٣٧﴾

"മനുഷ്യൻ സ്വന്തം സഹോദരന്മാരിൽനിന്നും മാതാപിതാക്കളിൽനിന്നും മക്കളിൽനിന്നും ഭാര്യയിൽനിന്നുമൊക്കെ ഓടിയകലുന്ന ദിനമാണത്. ഓരോ വ്യക്തിക്കും അന്ന് തൻകാര്യം തന്നെ വേണ്ടുവോളമുണ്ടായിരിക്കും"(80:34-37).

وَٱتَّقُوا۟ يَوْمًا لَّا تَجْزِى نَفْسٌ عَن نَّفْسٍ شَيْـًٔا وَلَا يُقْبَلُ مِنْهَا شَفَٰعَةٌ وَلَا يُؤْخَذُ مِنْهَا عَدْلٌ وَلَا هُمْ يُنصَرُونَ ﴿٤٨﴾

"ഒരാളും മറ്റൊരാൾക്ക് ഒരു പ്രയോജനവും ചെയ്യാത്ത, ആരുടെയും ശിപാർശ സ്വീകരിക്കപ്പെടാത്ത, ആരും മോചനദ്രവ്യം വാങ്ങി വിട്ടയക്കപ്പെടാത്ത, ആരാലും സഹായിക്കപ്പെടാത്ത നാൾ..." (2:48). ■

**102.** അവിടെ ആരുടെ ത്രാസുകൾ ഭാരം തൂങ്ങുന്നുവോ അവർ മാത്രമാകുന്നു ജീവിതസാഫല്യം നേടിയവർ.

فَمَن ثَقُلَتْ مَوَٰزِينُهُۥ فَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٠٢﴾

**103.** ത്രാസുകൾ ഭാരശൂന്യമായവരോ, സ്വന്തം ജീവിതം നഷ്ടപ്പെടുത്തി നിത്യനരകത്തിൽ പതിക്കുന്നവർ.

وَمَنْ خَفَّتْ مَوَٰزِينُهُۥ فَأُو۟لَٰٓئِكَ ٱلَّذِينَ خَسِرُوٓا۟ أَنفُسَهُمْ فِى جَهَنَّمَ خَٰلِدُونَ ﴿١٠٣﴾

**104.** തീജ്ജ്വാലകൾ അവരുടെ മുഖചർമം നക്കിത്തുടച്ചുകൊണ്ടിരിക്കുന്നു. അവരതിൽ പല്ലിളിച്ചവരായിരിക്കും.

تَلْفَحُ وُجُوهَهُمُ ٱلنَّارُ وَهُمْ فِيهَا كَٰلِحُونَ ﴿١٠٤﴾

**102 - 104**

فَمَن ثَقُلَتْ مَوَٰزِينُهُۥ = അപ്പോൾ ആരുടെ ത്രാസുകൾ ഭാരിച്ചുവോ (ഭാരം തൂങ്ങുന്നുവോ)

فَأُو۟لَٰٓئِكَ هُمُ = അവർ മാത്രമാകുന്നു ٱلْمُفْلِحُونَ = വിജയിച്ചവർ (ജീവിത സാഫല്യം നേടിയവർ)

وَمَنْ خَفَّتْ مَوَٰزِينُهُۥ = ആരുടെ ത്രാസുകൾ ഭാരശൂന്യമായോ فَأُو۟لَٰٓئِكَ = അവരാകുന്നു (അവരോ)

ٱلَّذِينَ خَسِرُوٓا۟ أَنفُسَهُمْ = സ്വയം നഷ്ടപ്പെടുത്തിയവർ (സ്വന്തം ജീവിതം നഷ്ടപ്പെടുത്തി)

فِى جَهَنَّمَ خَٰلِدُونَ = നരകത്തിൽ ശാശ്വതരാകുന്നു (നിത്യനരകത്തിൽ പതിക്കുന്നവർ)

تَلْفَحُ وُجُوهَهُمُ ٱلنَّارُ = അവരുടെ മുഖങ്ങൾ തീ പൊള്ളിക്കുന്നു

(തീജ്ജ്വാലകൾ അവരുടെ മുഖചർമം നക്കിത്തുടച്ചുകൊണ്ടിരിക്കും)

وَهُمْ فِيهَا كَٰلِحُونَ = അവർ അതിൽ പല്ലിളിച്ചവരായ നിലയിൽ

ഉറ്റവരും ഉടയവരും സമ്പത്തും സ്ഥാനമാനങ്ങളും പ്രയോജനപ്പെടാത്ത നാളിൽ വല്ലതും മനുഷ്യന് പ്രയോജനപ്പെടുമെങ്കിൽ അതവൻ ഭൗതികജീവിതത്തിൽ ചെയ്ത കർമങ്ങൾ മാത്രമാണ്. കർമങ്ങളിൽ നല്ലതിനെയും ചീത്തയെയും വേർതിരിച്ച് രണ്ടിന്റെയും മൂല്യം നീതിയുടെ ത്രാസിൽ വെച്ച് കൃത്യമായി തൂക്കിക്കണക്കാക്കുന്നു. നന്മയുടെ തട്ടിന് തിന്മയുടെ തട്ടിനേക്കാൾ ഭാരമുള്ളത് ആരുടെ ത്രാസിനാണോ അവരാണ് ഭൗതിക ജീവിതം സഫലമാക്കി, സൗഭാഗ്യകരമായ പാരത്രിക ജീവിതത്തിന് അർഹത നേടിയവർ. ഭാരക്കൂടുതൽ തിന്മയുടെ തട്ടിനാണെങ്കിൽ ആ ത്രാസിന്റെ അവകാശികൾ, ഭൗതിക ജീവിതം പാഴാക്കി തങ്ങളെ സ്വയം നഷ്ടപ്പെടുത്തിയവരാണ്. നിത്യനരകമാണവരുടെ പാർപ്പിടം. അതിൽ അവരനുഭവിക്കുന്നത് ഭീകരമായ യാതനകളായിരിക്കും. തീനാളങ്ങൾ അവരുടെ മുഖങ്ങളെ നക്കിയെടത്തുകൊണ്ടിരിക്കും. ചർമവും മാംസവും നഷ്ടപ്പെട്ട് ഇളിച്ചുകാട്ടുന്ന മുഖങ്ങളുമായി അതിൽ കഴിയേണ്ടിവരുന്നു.

കഠിനമായ തീപ്പൊള്ളലാണ് لفح. അതിൽനിന്നുള്ള ക്രിയയാണ് تَلْفَحُ . ദുസ്സഹമായി വേദനിക്കുമ്പോൾ ചുണ്ടുകളകറ്റി പല്ലുകൾ വെളിപ്പെടുത്തുന്നതിന് كلوح എന്നു പറയുന്നു. അതിൽ നിന്നുള്ള ബഹുവചന കർതൃപദമാണ് كَٰلِحُونَ. ■

**105.** എന്റെ സൂക്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപ്പിക്കാറുണ്ടായിരുന്നില്ലയോ? അപ്പോൾ അതിനെ തള്ളിപ്പറയുകയായിരുന്നില്ലയോ നിങ്ങൾ?

أَلَمْ تَكُنْ ءَايَٰتِى تُتْلَىٰ عَلَيْكُمْ فَكُنتُم بِهَا تُكَذِّبُونَ ﴿١٠٥﴾

**106.** അവർ വിലപിക്കും: നാഥാ, ഞങ്ങളുടെ ദൗർഭാഗ്യം ഞങ്ങളെ കീഴടക്കിക്കളഞ്ഞു. സത്യത്തിൽ ഞങ്ങൾ തീരെ പിഴച്ചുപോയ ജനം തന്നെയായിരുന്നു.

قَالُوا۟ رَبَّنَا غَلَبَتْ عَلَيْنَا شِقْوَتُنَا وَكُنَّا قَوْمًا ضَآلِّينَ ﴿١٠٦﴾

**107.** നാഥാ, ഇപ്പോൾ ഈ ദുരവസ്ഥയിൽനിന്ന് ഞങ്ങൾക്ക് മോചനമരുളേണമേ! പിന്നെയും പാപത്തിലേക്ക് മടങ്ങുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ ശിക്ഷാർഹരായ ധിക്കാരികൾ തന്നെയായിരിക്കും.

رَبَّنَآ أَخْرِجْنَا مِنْهَا فَإِنْ عُدْنَا فَإِنَّا ظَٰلِمُونَ ﴿١٠٧﴾

105-107

أَلَمۡ تَكُنۡ ءَايَـٰتِى تُتۡلَىٰ عَلَيۡكُمۡ = എന്റെ സൂക്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപ്പിക്കാറുണ്ടായിരുന്നില്ലയോ

فَكُنتُم بِهَا تُكَذِّبُونَ = അപ്പോൾ അതിനെ തള്ളിപ്പറയുകയായിരുന്നില്ലയോ നിങ്ങൾ

قَالُواْ = അവർ പറഞ്ഞു (വിലപിക്കുന്നു) رَبَّنَا غَلَبَتۡ عَلَيۡنَا = നാഥാ, ഞങ്ങളെ അതിജയിച്ചു (കീഴടക്കിക്കളഞ്ഞു)

شِقۡوَتُنَا = ഞങ്ങളുടെ ദൗർഭാഗ്യം وَكُنَّا = ഞങ്ങൾ ആയിരുന്നു

قَوۡمًا ضَآلِّينَ = (തീരെ) പിഴച്ച(ച്ചുപോയ) ജനം (തന്നെ) رَبَّنَآ = ഞങ്ങളുടെ നാഥാ

أَخۡرِجۡنَا مِنۡهَا = നീ അതിൽനിന്ന് ഞങ്ങളെ പുറപ്പെടുവിക്കുക

(ഇപ്പോൾ ഈ ദുരവസ്ഥയിൽനിന്ന് ഞങ്ങൾക്ക് മോചനമരുളേണമേ!)

فَإِنۡ عُدۡنَا = ഇനിയും (പിന്നെയും ഞങ്ങൾ പാപത്തിലേക്ക്) മടങ്ങുകയാണെങ്കിൽ

فَإِنَّا ظَـٰلِمُونَ = ഞങ്ങൾ (ശിക്ഷാർഹരായ) ധിക്കാരികൾ തന്നെയായിരിക്കും

ഈ അവസ്ഥയിൽ അവരിൽനിന്നുയരുന്ന പരിദേവനങ്ങൾക്ക് അല്ലാഹുവിങ്കൽനിന്നുള്ള മറുപടിയും അവരുടെ പ്രതികരണവുമാണിത്. അതായത്, നിങ്ങളുടെ ഈ രോദനം കൊണ്ട് ഒരു പ്രയോജനവുമില്ല. ദൈവം അതു കേൾക്കാനോ നിങ്ങളെ രക്ഷിക്കാനോ പോകുന്നില്ല. അതിന്റെയൊക്കെ സന്ദർഭം കഴിഞ്ഞുപോയി. അന്ന് ഈ ദിനത്തെക്കുറിച്ച് മുന്നറിയിപ്പു നൽകിക്കൊണ്ടുള്ള നമ്മുടെ സൂക്തങ്ങൾ നിങ്ങളെ വ്യക്തമായി കേൾപ്പിച്ചിരുന്നില്ലേ? പക്ഷേ നിങ്ങൾ അത് തള്ളിക്കളയുകയായിരുന്നില്ലേ? നരകസ്ഥർ പ്രതികരിക്കുന്നു: നാഥാ, ഞങ്ങൾ കുറ്റം ഏറ്റുപറയുന്നു: അഹന്തയുടെയും ഭൗതികാസക്തികളുടെയും രൂപത്തിൽ വന്ന ദൗർഭാഗ്യം ഞങ്ങളെ അടിപ്പെടുത്തിക്കളഞ്ഞു. അന്ത്യനാളിനെയും ഉയിർത്തെഴുന്നേൽപ്പിനെയും ഞങ്ങൾ തള്ളിപ്പറഞ്ഞു. അതു പ്രബോധനം ചെയ്തവരെ ദ്രോഹിച്ചു. അന്നു ഞങ്ങൾ ദ്രോഹിച്ചിരുന്നത് ഞങ്ങളെത്തന്നെയായിരുന്നുവെന്ന് ഇപ്പോൾ ബോധ്യപ്പെട്ടിരിക്കുന്നു. ആകയാൽ നാഥാ, ഇനി ഈ നരകത്തിൽനിന്ന് മോചിപ്പിച്ച് ഒരു വട്ടം കൂടി ഞങ്ങൾക്ക് ഭൗതികജീവിതം അനുവദിക്കേണമേ! എന്നിട്ടും കഴിഞ്ഞ ജീവിതത്തിലെ പ്രവർത്തനം തന്നെ ആവർത്തിക്കുകയാണെങ്കിൽ, അപ്പോൾ തീർച്ചയായും ഞങ്ങൾ നിന്റെ ശിക്ഷയർഹിക്കുന്നവരും മാപ്പർഹിക്കാത്തവരുമായ അക്രമികൾ തന്നെയായിരിക്കും.

شقاء ന്റെ മറ്റൊരു രൂപമാണ് شقوة . ധാർഷ്ട്യം, ദൗർഭാഗ്യം, യാതന എന്നൊക്കെയാണർഥം. ■

قَالَ ٱخۡسَـُٔواْ فِيهَا وَلَا تُكَلِّمُونِ ﴿١٠٨﴾

108. അല്ലാഹു അവരോട് പറയുന്നു: നികൃഷ്ടരായി അവിടെത്തന്നെ കിടക്കുവിൻ. ഇനി എന്നോട് ഓരിയിട്ടിട്ട് കാര്യമില്ല.

إِنَّهُۥ كَانَ فَرِيقٌ مِّنۡ عِبَادِى يَقُولُونَ رَبَّنَآ ءَامَنَّا فَٱغۡفِرۡ لَنَا وَٱرۡحَمۡنَا وَأَنتَ خَيۡرُ ٱلرَّٰحِمِينَ ﴿١٠٩﴾

109. എന്റെ ദാസന്മാരിൽ ഒരു കൂട്ടർ പ്രാർഥിക്കാറുണ്ടായിരുന്നുവല്ലോ; നാഥാ! ഞങ്ങൾ സത്യവിശ്വാസം കൈക്കൊണ്ടിരിക്കുന്നു. ആകയാൽ ഞങ്ങൾക്കു പാപമോചനമരുളേണമേ. ഞങ്ങളിൽ കരുണ ചൊരിയേണമേ! നീ തന്നെയാണല്ലോ കരുണ ചെയ്യുന്നവരിൽ ഏറ്റവും മികച്ചവൻ.

فَٱتَّخَذۡتُمُوهُمۡ سِخۡرِيًّا حَتَّىٰٓ أَنسَوۡكُمۡ ذِكۡرِى وَكُنتُم مِّنۡهُمۡ تَضۡحَكُونَ ﴿١١٠﴾

110. അപ്പോൾ നിങ്ങൾ അവരെ പരിഹാസപാത്രമാക്കുകയായിരുന്നുവല്ലോ. അങ്ങനെ അവരോടുള്ള പുഛം എന്റെ വിചാരമേ നിങ്ങളിൽ വിസ്മൃതമാക്കി. അവരെ അപഹസിച്ചുകൊണ്ടിരിക്കുകയായിരുന്നുവല്ലോ നിങ്ങൾ.

إِنِّى جَزَيۡتُهُمُ ٱلۡيَوۡمَ بِمَا صَبَرُوٓاْ أَنَّهُمۡ هُمُ ٱلۡفَآئِزُونَ ﴿١١١﴾

111. ഇന്നോ ആ സത്യവിശ്വാസികളുടെ സഹനത്തിന് നാമിതാ സമ്മാനദാനം ചെയ്തിരിക്കുന്നു. അതേ, അവർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ.

## 108 – 111

അവൻ (അല്ലാഹു) അവരോടു പറ(യുന്നു)ഞ്ഞു = قَالَ
അതിൽ നികൃഷ്ടരാകുവിൻ (നികൃഷ്ടരായി അതിൽതന്നെ കിടക്കുവിൻ) = اَخْسَـُٔوا فِيهَا
(ഇനി) എന്നോട് സംസാരിക്കേണ്ട (ഓരിയിട്ടിട്ടു കാര്യമില്ല) = وَلَا تُكَلِّمُونِ
എന്തുകൊണ്ടെന്നാൽ എന്റെ ദാസന്മാരിൽ ഒരു കൂട്ടർ പറയാ(പ്രാർഥിക്കാ)=إِنَّهُۥ كَانَ فَرِيقٌ مِّنْ عِبَادِى يَقُولُونَ
റുണ്ടായിരുന്നുവല്ലോ
ഞങ്ങളുടെ നാഥാ, ഞങ്ങൾ സത്യവിശ്വാസം കൈക്കൊണ്ടിരിക്കുന്നു = رَبَّنَآ ءَامَنَّا
ഞങ്ങളിൽ കരുണ ചൊരിയുകയും ചെയ്യേണമേ = وَارْحَمْنَا ആകയാൽ ഞങ്ങൾക്ക് നീ പാപമോചനമരുളേണമേ = فَاغْفِرْ لَنَا
നീ (തന്നെ) ആണല്ലോ കരുണ ചെയ്യുന്നവരിൽ ഏറ്റവും മികച്ചവൻ = وَأَنتَ خَيْرُ الرَّٰحِمِينَ
പരിഹാസപാത്രം = سِخْرِيًّا അപ്പോൾ നിങ്ങൾ അവരെ എടുത്തു (ആക്കുകയായിരുന്നുവല്ലോ) = فَاتَّخَذْتُمُوهُمْ
അവർ നിങ്ങളെ മറപ്പിക്കുന്നതുവരെ (അങ്ങനെ അവരോടുള്ള പുച്ഛം നിങ്ങളിൽ വിസ്മൃതമാക്കി) = حَتَّىٰٓ أَنسَوْكُمْ
എന്റെ ഉദ്ബോധനം, ഓർമ (എന്റെ വിചാരമേ) = ذِكْرِى
നിങ്ങൾ അവരെ അപഹസിച്ചുകൊണ്ടിരിക്കുകയായിരുന്നുവല്ലോ = وَكُنتُم مِّنْهُمْ تَضْحَكُونَ
ഇന്ന് (ഇതാ) ഞാൻ അവർക്ക് (സത്യവിശ്വാസികൾക്ക്) പ്രതിഫലം നൽകി = إِنِّى جَزَيْتُهُمُ الْيَوْمَ
(സമ്മാനദാനം ചെയ്തിരിക്കുന്നു)
എന്തെന്നാൽ (അതേ) അവർ തന്നെയാകുന്നു = أَنَّهُمْ هُمُ അവർ ക്ഷമിച്ചതി(അവരുടെ സഹനത്തി)ന് = بِمَا صَبَرُوٓا
വിജയം പ്രാപിച്ചവർ = الْفَآئِزُونَ

മുൻ സൂക്തങ്ങൾ പരാമർശിച്ച പരിദേവനത്തിന് അല്ലാഹുവിങ്കൽനിന്ന് ലഭിക്കുന്ന മറുപടിയാണീ സൂക്തങ്ങൾ. മൂലത്തിലെ اَخْسَـُٔوا എന്ന ശാസന ക്രിയാ വചനം خَسَأَ എന്ന മൂലത്തിൽനിന്നുള്ളതാണ്. പട്ടിയെ വിരട്ടലാണ് خَسَأَ . നൈരാശ്യം, വിഷണ്ണത, നിന്ദിതാവസ്ഥ, പരിക്ഷീണത തുടങ്ങിയ അർഥങ്ങളിൽ ഉപയോഗിച്ചുവരുന്നു. നിങ്ങൾ ഇപ്പോൾ എത്തിപ്പെട്ട പരമ പതിതാവസ്ഥയിൽതന്നെ അടിഞ്ഞുകിടക്കിൻ എന്നാണ് താൽപര്യം. وَلَا تُكَلِّمُونِ ന്റെ ഭാഷാർഥം 'എന്നോട് സംസാരിക്കേണ്ട' എന്നാണ്. اَخْسَـُٔوا ന്റെ മൂലാർഥം പരിഗണിച്ചുകൊണ്ടാണ് ഇവിടെ അതിനെ 'എന്നോട് ഓരിയിടേണ്ട അഥവാ ഇനി ഓരിയിട്ടിട്ട് ഒരു കാര്യവുമില്ല' എന്ന് തർജമ ചെയ്തത്. മാപ്പപേക്ഷയുടെയും രക്ഷാർഥനയുടെയുമൊക്കെ സമയം കഴിഞ്ഞുപോയി. സത്യബോധവും ധർമബോധവും മൗലിക രൂപത്തിൽ നിങ്ങളുടെ മനസ്സിൽതന്നെ ഉണ്ടായിരുന്നതാണ്. അതിനെ ജ്വലിപ്പിക്കാനും വികസിപ്പിക്കാനും നിങ്ങൾ തയാറായില്ല. മനസ്സിന്റെ ദുഷ്പ്രവണതകളുടെയും ഭൗതികാസക്തികളുടെയും പിന്നാലെ കടിഞ്ഞാണില്ലാതെ പായുകയായിരുന്നു നിങ്ങൾ. ആ പിഴച്ച പാച്ചിലിന് തടയിടാൻ ദൈവദൂതന്മാർ നിങ്ങളെ സമീപിച്ചു. അവരെ തള്ളിപ്പറയുകയും ആട്ടിയോടിക്കുകയുമാണ് നിങ്ങൾ ചെയ്തത്. നിങ്ങളെപ്പോലുള്ള മനുഷ്യരിൽ ചിലർ തന്നെ നിങ്ങൾക്ക് ചുറ്റുമുണ്ടായിരുന്നു; ദൈവത്തിന്റെ ഏകത്വത്തിലും പരമശക്തിയിലും വിശ്വസിച്ച ആളുകൾ: അവർ, 'ദൈവമേ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കേണമേ; ഞങ്ങളിൽ കരുണ ചൊരിയേണമേ' എന്ന് പ്രാർഥിക്കുന്നത് നിങ്ങൾ കേൾക്കാറുണ്ടായിരുന്നു. അതു സ്വന്തം മനസ്സാക്ഷിയുടെ കൂടി ശബ്ദമായി തിരിച്ചറിയാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. അല്ലെങ്കിൽ തിരിച്ചറിഞ്ഞിട്ടും ചെവിക്കൊള്ളാൻ കൂട്ടാക്കിയില്ല. പുഛിക്കാനും പരിഹസിക്കാനുമുള്ള കഥാപാത്രങ്ങളായിട്ടാണ് നിങ്ങളവരെ കണ്ടത്. തങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യാത്ത ഒരു ദൈവമുണ്ടെന്ന് വിചാരിക്കുന്ന അന്ധവിശ്വാസികൾ! ആ ഭാവനാ ദൈവത്തെ പേടിച്ച് ജീവിതസുഖങ്ങൾ പാഴാക്കുന്ന അജ്ഞാനികൾ! മരിച്ചു ചെന്നാൽ, പിന്നെയും ഉയിർത്തെഴുന്നേൽക്കുമെന്ന് പ്രതീക്ഷിക്കുന്ന മഹാമൂഢർ! ഉയിർത്തെഴുന്നേറ്റ് ചെന്നാൽ അവരെ ഇരുകൈയും നീട്ടി സ്വീകരിക്കാൻ പരമാനന്ദ സുഖാഡംബര സ്വർഗവുമായി ദൈവം കാത്തിരിക്കയാണത്രെ! അതുകൊണ്ട് അവർക്ക് സമ്പത്തിലും സുഖാഡംബരങ്ങളിലും സമുദായത്തിന്റെ പരമ്പരാഗത വിശ്വാസാചാരങ്ങളിലും ഒന്നും താൽപര്യമില്ല പോൽ! മനസ്സു മുഴുവൻ ആ സ്വർഗ വ്യാമോഹത്തിലും അതിന്റെ വിപരീതമായ നിത്യനരകത്തിൽനിന്നുള്ള മോചനത്തി

ലുമാണെന്ന്! ഈ മൗഢ്യങ്ങളിലൊന്നും വിശ്വസിക്കാത്ത, നമ്മെപ്പോലുള്ള ബുദ്ധിജീവികളും സമുദായനേതാക്കളും അധികാരികളുമൊക്കെ അവരുടെ ദൃഷ്ടിയിൽ തികച്ചും വഴി പിഴച്ചവരും ദൈവകോപത്തിനിരയായവരും നരകാവകാശി കളും! നമ്മിൽനിന്നേറ്റുവാങ്ങുന്ന ദ്രോഹങ്ങൾക്കും പരി ഹാസ-ശകാരങ്ങൾക്കുമെതിരെ ചെറുവിരലനക്കാൻ പോലും കഴിയാത്ത ഇവന്മാർ നാളെ നമുക്ക് നരകം വാങ്ങി ത്തരുമത്രെ! ഇരുട്ടിന്റെ ശക്തികളാണിക്കൂട്ടർ. ഇവരെ നാട്ടിൽ നിന്ന് നിർമാർജനം ചെയ്യണം. എങ്കിലേ നാട്ടിൽ വെളിച്ചം പരക്കൂ, നാട്ടുകാർ സ്വതന്ത്രരാകൂ, പുരോഗമിക്കൂ, പകിട്ടാർന്ന പാരമ്പര്യങ്ങൾ സംരക്ഷിക്കപ്പെടൂ... ആത്മീയതയുടെയും ദൈവത്തിന്റെയും പേരിൽ പാമരജനങ്ങളെ വശീകരിക്കു കയാണ് മുഹമ്മദും സിൽബന്തികളും. അവരുടെ ലക്ഷ്യം നാം അനുഭവിക്കുന്ന അധികാരങ്ങളും സ്വാതന്ത്ര്യങ്ങളും സ്ഥാനമാനങ്ങളും തട്ടിയെടുക്കുകയാണ്. എന്തുവില കൊടുത്തും അടിച്ചൊതുക്കിയേ തീരൂ ഇക്കൂട്ടരെ. അവരാ ഗ്രഹിക്കുന്ന സ്വർഗലോകത്തേക്ക് നമുക്കവരെ നേരത്തേ പറഞ്ഞയക്കാം... ഏതുകാലത്തും ആ കാലത്തിന്റെ ഭാഷ യിൽ ഈ രീതിയിലുള്ള പുഛവും പരിഹാസവും പീഡന ങ്ങളും നേരിടേണ്ടിവരാത്ത ദീനീപ്രബോധകരില്ല. സത്യവി ശ്വാസികളോടുള്ള പുഛത്തിലും പരിഹാസത്തിലും പൂണ്ടു പോയവർ പ്രപഞ്ചസ്രഷ്ടാവായ അല്ലാഹുവിനെക്കുറിച്ച്, അവന്റെ പ്രപഞ്ച സംവിധാനത്തെക്കുറിച്ച്, പരിപാലനത്തെ ക്കുറിച്ച്, സൃഷ്ടികൾക്ക് അവൻ ചെയ്യുന്ന അനുഗ്രഹങ്ങ ളെക്കുറിച്ച് ഒക്കെ ചിന്തിക്കാൻ മറന്നുപോകുന്നു. فَٱتَّخَذۡتُمُوهُمۡ سِخۡرِيًّا حَتَّىٰٓ أَنسَوۡكُمۡ ذِكۡرِي എന്ന വാക്യത്തെ 'അവ രോടുള്ള പുഛം എന്നെക്കുറിച്ചുള്ള വിചാരമേ നിങ്ങളിൽ വിസ്മൃതമാക്കി' എന്നാണ് തർജമ ചെയ്തിരിക്കുന്നത്. എന്റെ സ്മരണ മറപ്പിക്കുന്നതുവരെ നിങ്ങൾ അവരെ പരി ഹാസ്യരാക്കി എന്നാണ് പദാനുപദ തർജമ. سَخِرَ എന്ന ക്രിയ യുടെ മൂലമാണ് سِخْرِي . ക്രിയാപദം سَخِرَ എന്നും سَخَرَ എന്നും ഉച്ചരിക്കും. രണ്ടിന്റെയും അർഥം ഒന്നു തന്നെയാണെന്ന് അധിക ഭാഷാപണ്ഡിതന്മാരും പറയുന്നു. سَخِرَ-سَخَرَ-യിൽനിന്നു ള്ളതാണ് سِخْرِي سُخْرِي എന്നും, سُخْرِي ന്റെ മൂലരൂപം سُخْرَة ആണെന്നും കസാഈ, ഫർറാഅ് തുടങ്ങിയ ഭാഷാഭിജ്ഞർ അഭിപ്രായപ്പെട്ടിരിക്കുന്നു. سُخْرَة ഉം سخر ഉം ആണ് യഥാർഥ രൂപം. അന്ത്യത്തിൽ സംബന്ധികാ ശബ്ദമായ 'യാഉ്' (ياءالنسبة) ചേർത്തത് അർഥത്തെ ഊന്നാനും ഉറപ്പിക്കാനും വിശേഷണമാക്കാനുമാണ്. سِخْرِي ന്റെയും سُخْرِي ന്റെയും അർഥത്തിനും ഇവർ വ്യത്യാസം കൽപ്പിച്ചിട്ടുണ്ട്. ആദ്യ ത്തേത് പുഛവും പരിഹാസവുമാണ്. രണ്ടാമത്തേത് അടി ച്ചമർത്തി, വേതനമില്ലാതെ വിടുവേല ചെയ്യിക്കലും. ذكر ന് ഇവിടെ രണ്ട് ആശയങ്ങളുണ്ട്. ഒന്ന്, ദൈവത്തെയും അവന്റെ മഹത്വത്തെയും അവനു വഴിപ്പെട്ട് ജീവിക്കുന്നതി നെയും സംബന്ധിച്ച വിചാരം. രണ്ട്, മനുഷ്യജീവിതം സംസ്കരിച്ചു സഫലമാക്കുന്നതിനു വേണ്ടി ദൈവം നൽകിയ ശാസനകളും ഉദ്ബോധനങ്ങളും. ഈ സന്ദർഭ ത്തിൽ രണ്ടാശയവും സാധുവാകുന്നു. വിനോദങ്ങളിലും ഭൗതിക സുഖങ്ങളിലും മാത്രം അഭിരമിക്കുന്നവർ ജീവിത ത്തിന്റെ ഭൗതികവും ആത്മീയവുമായ യാഥാർഥ്യങ്ങളെക്കു റിച്ച് ചിന്തിക്കാനേ ഇഷ്ടപ്പെടുകയില്ല. അവരെ സംബ ന്ധിച്ചേടത്തോളം അവരേർപ്പെട്ടിട്ടുള്ള ഭൗതിക കാര്യ ങ്ങൾ തന്നെയാണ് ജീവിതത്തിന്റെ അർഥവും യാഥാർഥ്യവും. അതിനപ്പുറമുള്ളതെല്ലാം മിഥ്യയാണ്; അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ്. നിങ്ങൾ സജ്ജനങ്ങളെ പുഛിക്കുന്നതിലും പരിഹസിക്കുന്ന തിലും അതിരുവിട്ടാൽ സംഭവിക്കുക ആ സജ്ജനങ്ങൾ മൂലം നിങ്ങൾ അല്ലാഹുവിനെക്കുറിച്ചും അവനോടുള്ള അടിമത്തത്തെക്കുറിച്ചും മറന്നുപോവുക എന്നതാണ്. അവർ നിങ്ങളെ മറപ്പിക്കുന്നു-أَنسَوْكُمْ - എന്ന വാക്ക് ഇങ്ങനെയൊരാശയം കൂടി ഉൾക്കൊള്ളുന്നു. അല്ലാഹു വിനെ സംബന്ധിച്ച ബോധം മൗലിക രൂപത്തിൽ നിങ്ങ ളെല്ലാവരുടെയും മനസ്സിലുള്ളതാണ്. ആ ഓർമയെ ഉന്മി ഷത്താക്കാനാണ് പ്രവാചകന്മാരും പ്രബോധകരും ശ്രമി ക്കുന്നത്. പക്ഷേ നിങ്ങൾ വിശ്വാസികളെ പരിഹസിക്കു ന്നതിലും പുഛിക്കുന്നതിലും അഭിരമിക്കുകയും സത്യപ്രവാചകനോടും പ്രവാചക സന്ദേശത്തോടുമുള്ള വിരോധത്താൽ അന്ധരാവുകയും ചെയ്യുമ്പോൾ, നിങ്ങളെ ദൈവവിചാരത്തിലേക്കുണർത്തേണ്ട അവരൊ ക്കെയും നിങ്ങളിൽ ദൈവ വിചാരം വിസ്മൃതരാക്കുന്ന വരായി പരിണമിക്കുകയായിരുന്നു. പരിഹസിച്ചു ചിരി ക്കുന്നതിനാണ് ضحك منه എന്നു പറയുക. سخر منه എന്ന തിന്റെ മറ്റൊരു ഭാഷ്യമാണിത്. سَخِرُوا۟ مِنۡهُمۡ എന്ന് *അൽ അൻആം* 10-ാം സൂക്തത്തിലും يَسۡخَرُونَ مِنۡهُمۡ എന്ന് *ബറാഅത്ത്* 79-ാം സൂക്തത്തിലും വന്നിട്ടുണ്ട്.

അന്നു നിങ്ങൾ ക്രൂരമായി പരിഹസിക്കുകയും കിരാതമായി മർദിക്കുകയും ചെയ്തപ്പോൾ അതെല്ലാം അസാമാന്യമായ സഹനശക്തികൊണ്ട് നേരിട്ട്, ആദർശ വിശ്വാസങ്ങളിലും അതാവശ്യപ്പെടുന്ന കർമരീതിയിലും സ്ഥൈര്യത്തോടെ നിലകൊണ്ടവരാണ് സത്യവിശ്വാസി കൾ. ഇന്ന് നിങ്ങൾ നരകത്തിൽ കിടന്ന് ഓരിയിടുമ്പോൾ ഞാനിതാ ആ സത്യവിശ്വാസികൾ കാഴ്ചവെച്ച സഹ നത്തിനും സ്ഥൈര്യത്തിനും മഹത്തായ സമ്മാനം നൽകുന്നു; അവർ നിത്യമായി വസിക്കുന്ന സുഖസു ന്ദര സ്വർഗം. ഭൗതിക സുഖഭോഗങ്ങൾ ആവോളം അനു ഭവിക്കുന്ന ഞങ്ങളാണ് ജീവിതം സഫലമാക്കിയവരെ ന്നായിരുന്നുവല്ലോ നിങ്ങൾ ഉച്ചൈസ്തരം ഘോഷിച്ചി രുന്നത്. ആ വാദം മഹാഭോഷ്കായിരുന്നുവെന്നും സഫല ജീവിതം നേടിയവർ ആ സത്യവിശ്വാസികൾ മാത്രമാണെന്നും ഇപ്പോൾ നിങ്ങൾക്ക് ബോധ്യമായല്ലോ. ഒരു കാര്യത്തിൽ മറ്റുള്ളവരേക്കാൾ മികച്ച സ്ഥാനം നേടലും മത്സരിച്ചു ജയിക്കലുമാണ് فوز . അതിൽ നിന്നുള്ള കർതൃബഹുവചനമാണ് فَائِزُونَ .

■